**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2697** **22-01-2021 - ൽ മറുപടിയ്ക്ക്**

**ലിറ്റിഗേഷൻ പോളിസി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | ലിറ്റിഗേഷൻ പോളിസിയുടെ ഭാഗമായി നിയമവകുപ്പിൽ നിന്നും എല്ലാ വകുപ്പുകളിലും ഡയറക്ടറേറ്റുകളിലും ലോ നോഡൽ ഓഫീസർമാരെ നിയമിക്കുന്ന ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ലിറ്റിഗേഷൻ പോളിസിയുടെ ഭാഗമായി നിയമവകുപ്പിൽ നിന്നും എല്ലാ വകുപ്പുതലവൻമാരുടെ ഓഫീസുകളിലും ലോ ഓഫീസർമാരെ നിയമിക്കുന്നതിനുള്ള ഉത്തരവ് നടപ്പിലാക്കിവരുന്നു. ലിറ്റിഗേഷൻ പോളിസിയുടെ ഭാഗമായി 14 ജില്ലാ കളക്ടറേറ്റുകളിലും 14 ലോ ഓഫീസർമാരെയും; ഡയറക്ടറേറ്റുകളിലും മറ്റ് വകുപ്പുകളിലുമായി 30 നിയമ (നോഡൽ) ഓഫീസർമാരെയും നിയമ വകുപ്പിൽനിന്നും നിയമിച്ചിട്ടുണ്ട്. നിയമ (നോഡൽ) ഓഫീസറുടെ ആവശ്യകത അറിയിച്ച 17 ഡയറക്ടറേറ്റുകളിലേക്കുള്ള നിയമ (നോഡൽ) ഓഫീസർമാരുടെ നിയമനവുമായി ബന്ധപ്പെട്ട ഫയലുകളിൽ നടപടി സ്വീകരിച്ചുവരുന്നു. നിയമ (നോഡൽ) ഓഫീസറെ നിയമിച്ചിട്ടില്ലാത്ത ഡയറക്ടറേറ്റുകളിൽ നിയമ (നോഡൽ) ഓഫീസറുടെ ആവശ്യകത പരിശോധിച്ച് അറിയിക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ട്. |
| (ബി) | ഈ നയം നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചത് പ്രകാരം കേന്ദ്ര വിഹിതമായി ലഭിച്ച തുക എത്രയെന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ഈ നയം നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചത് പ്രകാരം കേന്ദ്ര വിഹിതമായി KELSA യുടെ കീഴിൽ ADR (Alternative Dispute Resolution Centre) സെന്റർ സ്ഥാപിക്കുന്നതിനും മറ്റ് അനുബന്ധ കാര്യങ്ങൾക്കുമായി കേന്ദ്ര സർക്കാരിന്റെ പതിമൂന്നാം ധനകാര്യ കമ്മീഷനിൽ "2014-00-114-91-13th FC recommendation-Assistance to KELSA for Improvement of Justice delivery(NP)" എന്ന ശീർഷകത്തിൽ കേരള സംസ്ഥാന നിയമ സേവന അതോറിറ്റിക്ക് (KELSA) 10.83 കോടി രൂപ ലഭിച്ചിട്ടുണ്ട്. 2010-2011 മുതൽ 2015-2016 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ; ലോക് അദാലത്ത്, നിയമസഹായം, ADR Centre സ്ഥാപിക്കൽ, മീഡിയേറ്റർ മാരുടെ ട്രെയിനിംഗ് |

| | | | |
|---|---|---|---|
| | | | എന്നീ ആവശ്യങ്ങൾക്കായി പ്രസ്തുത തുക മുഴുവനായും വിനിയോഗിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ